എടപ്പാൾ ആശുപത്രിക്ക് ചരിത്രനേട്ടം: കൊച്ചിയിലെ ട്രിപ്ലെറ്റ് സംഗമത്തിന് ഏഷ്യാ-ഇന്ത്യാ ബുക്ക് ഒഫ് റെക്കോഡ്സ്

കൊച്ചി: എടപ്പാൾ ആശുപത്രിക്ക് അന്താരാഷ്ട്ര തലത്തിൽ ചരിത്രനേട്ടം. ആശുപത്രിയിൽ ജനിച്ച നൂറോളം ട്രിപ്ലെറ്റുകളെ (ഒരു പ്രസവത്തിൽ ജനിക്കുന്ന മൂന്ന് കുട്ടികൾ) പങ്കെടുപ്പിച്ചുകൊണ്ട് കൊച്ചിയിൽ നടത്തിയ അപൂർവ ഒത്തുചേരലാണ് ഏഷ്യാ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇടം നേടിയത്.

ലോക ചരിത്രത്തിൽ ഇതാദ്യമായാണ് ഒരു ആശുപത്രിയുടെ നേതൃത്വത്തിൽ ഇത്രയും വലിയൊരു ട്രിപ്ലെറ്റ് സംഗമം അരങ്ങേറുന്നത്. കൊച്ചി ഗ്രാൻഡ് ഹയാത്തിൽ സംഘടിപ്പിച്ച 'ട്രിപ്പിൾ ജോയ്' പരിപാടിയിൽ വെച്ച്, ഏഷ്യാ - ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സ് അധികൃതരിൽ നിന്ന് എടപ്പാൾ ആശുപത്രി ചെയർമാൻ ഡോ. കെ.കെ. ഗോപിനാഥൻ പുരസ്കാര സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.

ഹൈബി ഈഡൻ എം.പി, ആരോഗ്യ സർവകലാശാലാ വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, എന്നിവർ ചേർന്ന് സംഗമം ഉദ്ഘാടനം ചെയ്തു. മിനിസ്ട്രി ഓഫ് പേർസണൽ, പബ്ലിക് ഗ്രീവൻസെസ് ആൻഡ് പെൻഷൻസ് ജോയിന്റ് സെക്രട്ടറി ബാൽ കിരൺ ഐ.എ.എസ്, എടപ്പാൾ ആശുപത്രി ചെയർമാൻ ഡോ. കെ.കെ. ഗോപിനാഥൻ, ചിത്ര ഗോപിനാഥൻ, സി.ഇ.ഒ ഗോകുൽ ഗോപിനാഥ്, മെഡിക്കൽ ഡയറക്ടർ ഡോ. പരശുരാം ഗോപിനാഥ്, മെഡിക്കൽ സൂപ്രണ്ട് ഡോ. മീനു ബത്ര, രശ്മി ഗോകുൽ എന്നിവരും ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു.

കാഴ്ചപരിമിതിയുള്ള കലാകാരന്മാർ അവതരിപ്പിച്ച വാദ്യസംഗീതത്തോടെയാണ് സംഗമത്തിന് തുടക്കമായത്. തുടർന്ന്, ആശുപത്രിയുടെ മുപ്പത് വർഷത്തെ പ്രയാണത്തെക്കുറിച്ചുള്ള വീഡിയോ പ്രകാശനവും, ഡോ. കെ.കെ. ഗോപിനാഥനുമായുള്ള പ്രത്യേക മുഖാമുഖവും വേദിയിൽ നടന്നു. ട്രിപ്ലെറ്റുകളുടെ കുടുംബങ്ങൾ തങ്ങളുടെ അനുഭവങ്ങൾ വേദിയിൽ പങ്കുവെച്ചതും ശ്രദ്ധേയമായി.


HOSPITALS
Largest Gathering of Triplets
at a Venue Organised by a Hospital
CIMAR
എടപ്പാൾ ഹോസ്പിറ്റൽ സംഘടിപ്പിച്ച, ഏഷ്യാ-ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടംനേടിയ അപൂർവ ട്രിപ്ലെറ്റ്സ് കൂട്ടായ്മയിൽ പങ്കെടുത്തവർ.

നവതി ആഘോഷവവും കുടുംബസംഗമവും നടത്തി

തലയോലപ്പറമ്പ്: ചെമ്പ് 813-ാം നമ്പർ വിജയോദയം എൻഎസ്എസ് കരയോഗത്തിന്റെ നവതി ആഘോഷവവും കുടുംബസംഗമവും വിജയോദയം യു.പി സ്കൂൾ ഹാളിൽ നടത്തി. വൈക്കം താലൂക്ക് എൻഎസ്എസ് യൂണിയൻ പ്രസിഡന്റ് പി.ജി.എം.നായർ കാരിക്കോട് സമ്മേളനം ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡന്റ് പി.ജി പ്രദീപ് അധ്യക്ഷത വഹിച്ചു. എൻഎസ്എസ് യൂണിയൻ വൈസ് പ്രസിഡന്റ് പി വേണുഗോപാൽ മുഖ്യപ്രഭാഷണം നടത്തി. താലൂക്ക് യൂണിയൻ സെക്രട്ടറി അഖിൽ ആർ നായർ, കരയോഗം സെക്രട്ടറി ബി അനിൽകുമാർ, അഡ്വ. എ ശ്രീകല, വനിതാ യൂണിയൻ പ്രസിഡന്റ് കെ ജയലക്ഷ്മി, സെക്രട്ടറി എൻ നികല, യൂണിയൻ ഭാരവാഹികളായ ജി സുരേഷ്ബാബു, നാരായണൻ നായർ, എം.കെ അനിൽകുമാർ, വി.കെ ശ്രീകുമാർ, വനിതാ യുണിയൻ സെക്രട്ടറി എൻ നികല എന്നിവർ പ്രസംഗിച്ചു.

അറിവരങ്ങ് 2026 സമാപനം

പെരുമ്പാവൂർ: മനയ്ക്കപ്പടി പബ്ലിക് ലൈബ്രറിയുടെ ബാലവേദി അക്ഷരക്കളരി അറിവരങ്ങ്-2026 സമാപനം രായമംഗലം പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.വായനശാലാ പ്രസിഡന്റ് ഒ.എസ്. അനീഷ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി എം.പി. നാരായണൻ നായർ,താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം എം.എസ്. ഉവൈസ്, വാർഡംഗം ആശ രവി, ആർച്ച എസ്. നായർ, എ.പി. പൗലോസ്, ജോണി അല്ലപ്ര, എൻ.എസ്. പ്രതിഷ് എന്നിവർ സംസാരിച്ചു. എൽഡ്രിന എൽദോ, മഞ്ജു സനിൽനായർ എന്നിവരെ ആദരിച്ചു. വിവിധ മൽസരങ്ങളിൽ വിജയിച്ചവർക്ക് സമ്മാന വിതരണം, പുസ്തകം പരിചയപ്പെടുത്തൽ എന്നിവ ഉണ്ടായിരുന്നു.

കെഎച്ച്ആർഎ കോതമംഗലം യൂണിറ്റ് സമ്മേളനം

കോതമംഗലം: കേരള ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷൻ കോതമംഗലം യൂണിറ്റ് സ്ഥാപക നേതാവ് കമാൻഡർ കെ.കുര്യാക്കോസ് അനുസ്മരണവും പഠനോപകരണ, അവാർഡ് വിതരണവും നടത്തി. സമ്മേളനം സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ജി.ഗംഗാധരൻ അധ്യക്ഷനായി.

പഠനോപകരണം നഗരസഭ ഉപാധ്യക്ഷൻ പ്രിൻസ് വർക്കിയും വിദ്യാഭ്യാസ അവാർഡ് ആരോഗ്യ സ്ഥിരസമിതി അധ്യക്ഷ സിന്ധു ജിജോയും പാലിയേറ്റീവ് ഉപകരണം കുത്തുകുഴി സഹകരണ ബാങ്ക് പ്രസിഡന്റ് കെ.കെ. വർഗീസും ബ്ലാങ്കറ്റ് നഗരസഭഎൽഡിഎഫ് പാർലമെന്ററി പാർ ട്ടി ലീഡർ സി.പി.എസ്.ബാലനും ചികിത്സാ സഹായം ജില്ലാ സെക്രട്ടറി കെ.ടി.റഹീമും കനിവ് പാലിയേറ്റീവ് കെയർ സഹായം സംസ്ഥാന സെക്രട്ടറി ടി.ജെ.മനോഹരനും വിതരണം ചെയ്തു. യുണിറ്റ് സെക്രട്ടറി സി.ജെ. ബെന്നി, ജില്ലാ പ്രസിഡന്റ് ഹരിഹരൻ ഉഡുപ്പി , ട്രഷറർ സഹീർ എന്നിവർ പ്രസംഗിച്ചു.

ക്വട്ടേഷൻ

കൊച്ചി: മത്സ്യഫെഡ് എറണാകുളം നെറ്റ് ഫാക്ടറിയിൽ വാങ്ങുന്ന , അസംസ്കൃതവസ്തുക്കളുടെയും മറ്റും പാക്കിംഗിന് ഉപയോഗിക്കുന്ന വേസ്റ്റ് സാമഗ്രികൾ (കാർട്ടൻ വേസ്റ്റ്, പ്ലാസ്റ്റിക് ട്യൂബ്, പേപ്പർ ട്യൂബ്, പൊളിത്തീൻ കവറുകൾ, കാരിയർ സ്ട്രാപ്പ്) വില്പപന നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു.കുട്ടേഷൻ സമർപ്പിക്കുവാനുള്ള അവസാന തീയ്യതി മെയ് 30 വൈകീട്ട് 3 വരെ.

'അമ്മ'യിലെ സാമ്പത്തികത്തർക്കം മുറുകുന്നു

സ്പോൺസർഷിപ്പ് വാങ്ങാൻ നിർബന്ധിച്ചത് ശ്വേതാമേനോൻ

എറണാകുളം: താരസംഘടനയായ 'അമ്മ'യുടെ കുടുംബ സംഗമത്തിന് സ്പോൺസർഷിപ്പ് വാങ്ങിയതിൽ തർക്കം മൂർച്ഛിക്കുന്നു. സ്പോൺസർഷിപ്പ് വാങ്ങാൻ നിർബന്ധിച്ചത് പ്രസിഡന്റ് ശ്വേത മേനോനാണെന്നാണ് ജനറൽ സെക്രട്ടറി കുക്കു പരമേശ്വരന്റെ വാദം.

ഇക്കാര്യം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉന്നയിക്കാൻ ഒരുങ്ങുകയാണ് കുക്കു പരമേശ്വരൻ. എക്സിക്യൂട്ടിവ് കമ്മിറ്റി ഉടൻ ചേരുമെന്നാണ് വിവരം. അതേസമയം വിവാദങ്ങൾ കടുത്തതോടെ 'അമ്മ'യിൽ പരസ്യ പ്രതികരണങ്ങൾക്ക് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. എക്സിക്യൂട്ടിവ് അംഗങ്ങൾ മാധ്യമങ്ങളോട് സംസാരിക്കരുതെന്നാണ് നിർദേശം. പ്രസിഡന്റ് ശ്വേത മേനോനാണ് നിർദേശം നൽകിയത്.

ദല്ലാൾ നന്ദകുമാറിന്റെ വെണ്ണലയിലെ ക്ഷേത്രമായിരുന്നു പരിപാടിയുടെ മുഖ്യ സ്പോൺസർ. കുക്കു പരമേശ്വരനും ദല്ലാൾ നന്ദകുമാറുമാണ് സ്പോൺസർഷിപ്പ് കരാറിൽ ഒപ്പുവച്ചത്.

'അമ്മ'യുടെ ബൈ ലോ അനുസരിച്ച് സ്പോൺസർഷിപ്പ് പുറത്തുള്ളവരിൽ നിന്ന് വാങ്ങാനാകില്ല. 75 ലക്ഷം രൂപയായിരുന്നു നന്ദകുമാർ വാഗ്ദാനം ചെയ്തിരുന്നത്. ഇതിൽ 30 ലക്ഷം രൂപ മാത്രമേ നൽകിയിട്ടുള്ളൂ. ഇനിയും 40 ലക്ഷം രൂപ നൽകാനുണ്ടെന്നാണ് അംഗങ്ങളിൽ നിന്ന് അറിയുന്നത്. കരാറിന് ചുക്കാൻ പിടിച്ചത് 'അമ്മ'യുടെ പ്രസിഡന്റ് ശ്വേതാ മേനോനും കരാറിൽ ഒപ്പുവച്ചത് കുക്കു പരമേശ്വരനുമാണ്.

കമ്മിറ്റികളിൽ കൂടിയാലോചന നടത്താതെയാണ് സ്പോൺസർഷിപ്പ് വാങ്ങിയതെന്നാണ് അംഗങ്ങൾക്കിടയിലെ പ്രധാന വിമർശനം. കുടുംബമേളയ്ക്ക് പിന്നാലെയാണ് ഈ പ്രശ്നങ്ങളെല്ലാം തുടങ്ങിയത്. കുടുംബമേളയുടെ സൗണ്ട് സിസ്റ്റം വാടകയ്ക്ക് എടുത്തതിൽ വൻ തുക വെട്ടിപ്പ് നടത്തിയെന്ന് ഒരു വിഭാഗം ആരോപിച്ചു. സംഗീത പരിപാടിയുടെ പേരിലും വെട്ടിപ്പ് നടന്നെന്ന് ആക്ഷേപമുണ്ട്. കാറ്ററിങ്ങിന്റെ പേരിൽ അഞ്ച് ലക്ഷം രൂപ തട്ടിയെന്നാണ് മറ്റൊരു ആരോപണം.

നവജാത ശിശുവിനെ അമ്മ ജനലിലൂടെ വലിച്ചെറിഞ്ഞു

ആലപ്പുഴ: ആലപ്പുഴയിൽ നവജാത ശിശുവിനെ അമ്മ ജനലിലൂടെ വലിച്ചെറിഞ്ഞു. ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ഇന്നലെ രാത്രിയായിരുന്നു സംഭവം. 19 വയസുകാരിയായ അവിവാഹിതയാണ് ആശുപത്രി ശുചിമുറിയിൽ പ്രസവിച്ചത്. നവജാത ശിശുവിനെ വണ്ടാനം മെഡിക്കൽ കോളെജ് ന്യൂബോൺ ഐസിയുവിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി വയറുവേദന എന്ന് പറഞ്ഞാണ് 19 വയസുകാരി താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി എത്തിയത്. നിരീക്ഷണത്തിൽ ഇരിക്കെ ശുചിമുറിയിൽ പ്രസവിച്ചു. തുടർന്ന് ജനലിലൂടെ കുഞ്ഞിനെ പുറത്തിടുകയായിരുന്നു. കുഞ്ഞിന്റെ കരച്ചിൽ കേട്ട് ആശുപത്രി ജീവനക്കാരെത്തി കുഞ്ഞിനെ രക്ഷപ്പെടുത്തുകയായിരുന്നു.

അധ്യാപക ഒഴിവ്

പെരുമ്പാവൂർ: പെരുമാനി ഗവ. യു.പി. സ്കൂളിൽ ഫുൾ ടൈം ലാംഗ്വേജ്, അറബി (എൽ.പി.) ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപക ഒഴിവുണ്ട്. അഭിമുഖത്തിന് 29ന് രാവിലെ 10.30ന് അസ്സൽ രേഖകളുമായി സ്കൂൾ ഓഫീസിൽ എത്തിച്ചേരുക.

പെരുമ്പാവൂർ: കുറുപ്പംപടി ഡയറ്റ് ലാബ് യു.പി. സ്കൂളിൽ പാർട് ടൈം ഹിന്ദി (യു.പി.), ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒഴിവുണ്ട്. അഭിമുഖത്തിന് (ജൂൺ) രണ്ടിന് രാവിലെ 11ന് അസ്സൽ രേഖകളും എംപ്ലോയ്മെന്റ് കാർഡ് ഉള്ളവർ ആയതും സഹിതം ഡയറ്റ് ഓഫീസിൽ എത്തിച്ചേരുക.

പെരുമ്പാവൂർ: കീഴില്ലം ഗവ. യു.പി. സ്കൂളിൽ എൽ.പി.എസ്.ടി, യു.പി.എസ്.ടി, ജൂനിയർ ഹിന്ദി താത്കാലിക അധ്യാപക ഒഴിവുണ്ട്. അഭിമുഖത്തിന് 30ന് രാവിലെ 10.30ന് അപേക്ഷയും അസൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം സ്കൂൾ ഓഫീസിൽ എത്തിച്ചേരുക.

പെൻഷൻ നിയമനിർമാണം വേണം: ഫാം

കോതമംഗലം: മുൻ ജനപ്രതിനിധികളുടെ പെൻഷൻ, കുടുംബ പെൻഷൻ നിയമനിർമാണം ആവശ്യപ്പെട്ടു ഫാർമേഴ്സ് അവയർനെസ് റിവൈവൽ മൂവ്മെന്റ് (ഫാം) മുഖ്യമന്ത്രിക്കും നിയമസഭാ സ്പീക്കർക്കും കത്തുനൽകി. എം എൽഎയോ മന്ത്രിയോ ആയി തിരഞ്ഞെടുക്കപ്പെടുന്നവർ അതേ കാലയളവിൽ എംപി, എംഎൽഎ പെൻഷൻ വാങ്ങുന്ന സാഹചര്യം കേരളത്തിൽ കൂടിവരികയാണെന്നു ഫാം ജനറൽ സെക്രട്ടറി സിജു മോൻ ഫ്രാൻസിസ്, അക്കാദമിക് സെൽ അംഗം മുഹമ്മദ് അഷറഫ് എന്നിവർ കത്തിൽ ചൂണ്ടിക്കാട്ടി.

മഴക്കാല പൂർവ ശുചീകരണം

പെരുമ്പാവൂർ: കൂവപ്പടി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തുതല മഴക്കാലപൂർവ ശുചീകരണം പ്രവർത്തനം മനോജ് മൂത്തേടൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ബിനോയ് അരീക്കൽ അധ്യക്ഷത വഹിച്ചു. ശുചീകരണ പ്രവർത്തനത്തിൽ ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് അംഗങ്ങൾ, കോടനാട് ഗവ.ആശുപത്രി, കുറിച്ചിലക്കോട് വ്യാപാരി വ്യവസായ ഏകോപന സമിതി അംഗങ്ങൾ,ഹരിത കർമ സേന അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുറിച്ചിലകോട് വായനശാല എന്നിവർ നേതൃത്വം വഹിച്ചു.

ലഹരിമരുന്ന് വേട്ട: കസ്റ്റഡിയിലായ കർണാടക സ്വദേശി ആത്മഹത്യയ്ക്ക് ശ്രമിച്ചു

കൊച്ചി: നെടുമ്പാശ്ശേരി വിമാനത്താവളം വഴി സോപ്പ് കട്ടകളുടെ രൂപത്തിൽ ഒളിപ്പിച്ചു കടത്താൻ ശ്രമിച്ച കോടിക്കണക്കിന് രൂപ വിലവരുന്ന മാരക മയക്കുമരുന്നായ മെഥാക്വലോൺ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് (ഡിആർഐ) പിടികൂടി.

സംഭവവുമായി ബന്ധപ്പെട്ട് പിടിയിലായ കർണാടക സ്വദേശി കസ്റ്റഡിയിലിരിക്കെ കത്രിക ഉപയോഗിച്ച് ശരീരത്തിൽ മുറിവേൽപ്പിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചു. ഗുരുതരമായി പരുക്കേറ്റ കർണാടക സ്വദേശി സത്യനാരായണനെ അങ്കമാലിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇയാൾ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.

ബാങ്കോക്കിൽ നിന്നും കൊച്ചിയിലെത്തിയ സത്യനാരായണൻ, ഇയാളുടെ കൂട്ടാളി അരുൺ കുമാർ പണ്ഡാരി എന്നിവരെയാണ് ഡിആർഐ ഉദ്യോഗസ്ഥർ വിമാനത്താവളത്തിൽ വെച്ച് കസ്റ്റഡിയിലെടുത്തത്.

ഇവരുടെ ലഗേജുകൾ പരിശോധിച്ചപ്പോഴാണ് സോപ്പ് പാക്കറ്റുകളുടെ രൂപത്തിൽ അതീവ രഹസ്യമായി ഒളിപ്പിച്ച നിലയിൽ മയക്കുമരുന്ന് കണ്ടെത്തിയത്. ആദ്യഘട്ടത്തിൽ ഇവ സോപ്പ് ഉൽപ്പന്നങ്ങളാണെന്ന് പറഞ്ഞ് പ്രതികൾ ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചെങ്കിലും വിശദമായ പരിശോധനയിൽ നിരോധിത ലഹരിമരുന്നായ മെഥാക്വലോൺ ആണെന്ന് സ്ഥിരീകരിക്കുകയായിരുന്നു.

ലഹരിമരുന്ന് പിടിച്ചെടുത്തതിനെത്തുടർന്നുള്ള തുടർനടപടികളിലേക്ക് ഉദ്യോഗസ്ഥർ കടക്കുന്നതിനിടയിലാണ് നാടകീയ രംഗങ്ങൾ അരങ്ങേറിയത്. മേശപ്പുറത്തിരുന്ന കത്രിക കൈക്കലാക്കിയ സത്യനാരായണൻ പെട്ടെന്ന് സ്വന്തം ശരീരത്തിൽ മുറിവേൽപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഡിആർഐ ഉദ്യോഗസ്ഥർ ഉടനടി ഇടപെട്ട് ഇയാളെ തടയുകയും വിദഗ്ധ ചികിത്സയ്ക്കായി ആശുപത്രിയിലേക്ക് മാറ്റുകയുമായിരുന്നു. പിടിച്ചെടുത്ത മയക്കുമരുന്നിന് അന്താരാഷ്ട്ര വിപണിയിൽ കോടികളുടെ വിലമതിപ്പുണ്ടെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

പ്രതികൾ അന്താരാഷ്ട്ര മയക്കുമരുന്ന് കടത്ത് സംഘത്തിലെ പ്രധാനികളാണോ എന്നും ഇതിനുമുമ്പ് രാജ്യത്തെ മറ്റ് വിമാനത്താവളങ്ങൾ വഴി ഇത്തരത്തിൽ ലഹരിവസ്തുക്കൾ കടത്തിയിട്ടുണ്ടോ എന്നും ഡിആർഐ വിശദമായി അന്വേഷിച്ചുവരികയാണ്. അന്താരാഷ്ട്ര വിമാന സർവീസുകൾ വഴി വ്യാപകമായി ലഹരിമരുന്ന് കടത്താൻ ശ്രമം നടക്കുന്നതായി രഹസ്യവിവരം ലഭിച്ചതിനെത്തുടർന്ന് കൊച്ചി ഉൾപ്പെടെയുള്ള വിമാനത്താവളങ്ങളിൽ നിരീക്ഷണം ശക്തമാക്കിയിരുന്നു.

ഈ കർശനമായ പരിശോധനയാണ് വൻ മയക്കുമരുന്ന് വേട്ടയ്ക്ക് വഴിയൊരുക്കിയത്. പ്രതികളെ വിശദമായി ചോദ്യം ചെയ്യുന്നതിലൂടെ ലഹരി മാഫിയയുടെ കൂടുതൽ കണ്ണികളെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുകൊണ്ടുവരാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് അന്വേഷണസംഘം.

എടലക്കാട് നാട്ടൊരുമ 2026 സമാപിച്ചു

എടലക്കാട് സമന്വയ സാംസ്കാരിക സമിതിയുടെയും ഗ്രാമീണ വായനശാലയുടെയും വാർഷിക ആഘോഷ പരിപാടികളോട്നുബന്ധിച്ച്നടന്ന പൊതുസമ്മേളനം ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയുന്നു.

എടലക്കാട്: സമന്വയ സാംസ്കാരിക സമിതിയുടെയും സമിതിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഗ്രാമീണ വായനശാലയുടെയും വാർഷിക ആഘോഷ പരിപാടികൾ നാട്ടൊരുമ 2026 വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. പൊതുസമ്മേളനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്തു. സമിതി പ്രസിഡന്റ് ടി.എം. യാക്കോബ് അധ്യക്ഷത വഹിച്ചു. കവിയും പരിഭാഷകനും ഗാന രചയിതാവുമായ സച്ചിദാനന്ദൻ പുഴങ്കര മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.എം. വർഗീസ്, മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയ രാധാകൃഷ്ണൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജു പാലാട്ടി ,ഗ്രാമപഞ്ചായത്ത് മെമ്പർ മിനി വർഗീസ്, സമിതി സെക്രട്ടറി വി.ജി. സേതു, സംഘാടകസമിതി കൺവീനർ ജിതീൻ പാലാട്ടി എന്നിവർ സംസാരിച്ചു.

മന്ത്രി റോജി എം ജോണിന് ഊഷ്മളമായ വരവേൽപ് നൽകി. നാട്ടൊരുമയുടെ ഭാഗമായി നടന്ന കലാസന്ധ്യ അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റെജി വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. കവി ഡോ. സുരേഷ് മൂക്കന്നൂർ മുഖ്യ പ്രഭാഷണം നടത്തി. അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് മെമ്പർ ദിവ്യ സിജു, ധന്യ ജോയ്, ലിജോ ആന്റെണി, പോളി വെമ്പിൽ എന്നിവർ സംസാരിച്ചു. കുട്ടികളുടെ ചിത്രരചന ക്യാമ്പിനും തുടർന്നു നടന്ന ഓപ്പൺ കാൻവാസിനും ചിത്രരചന അധ്യാപകൻ എസ്. വികാസ് നേതൃത്വം നൽകി. കലാപരിപാടികൾക്ക് ഷൈജു രവീന്ദ്രൻ, പോളി ഇട്ടൂപ്പ്, രജീഷ് ,അനീറ്റ എബി,ദിലീല തോമസ് എന്നിവർ നേതൃത്വം നൽകി.

മന്ത്രി അനൂപ് ജേക്കബിന് പിറവത്ത് സ്വീകരണം

പിറവം: മന്ത്രി അനൂപ് ജേക്കബിന് പിറവത്ത് യു.ഡി.ഫ് നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പൗരസ്വീകരണം നൽകി. കേരളാ കോൺഗ്രസ് ആസ്ഥാനമായ കൈരളിയിലെത്തിയ മന്ത്രിയെ സ്വീകരിച്ച് നൂറുകണക്കിന് യുഡിഎഫ് പ്രവർത്തകരുടെ അകമ്പടിയോടെ പഴയ ബസ് സ്റ്റാൻഡ് കവലയിലേക്ക് ആനയിച്ചു. സ്വീകരണയോഗം ഫ്രാൻസിസ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്തു. യു.ഡി.എഫ്. നിയോജകമണ്ഡലം ചെയർമാൻ കെ.ആർ. ജയകുമാർ അധ്യക്ഷനായി.

ടിം യു.ഡി.എഫ് പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കുമെന്ന് സ്വീകരണത്തിന് നന്ദി പറഞ്ഞു മറുപടി പ്രസംഗത്തിൽ മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. ജയ്സൺ ജോസഫ്, ഐ.കെ.രാജു, ആശാ സനൽ, കെ.ആർ. പ്രദീപ് കുമാർ, സുനിൽ ഇടപ്പലക്കാട്ട്, പി.സി. ജോസ്, ആർ.ഹരി, റ്റി. എൻ വിജയകുമാർ, എം.എ ഷാജി, ഷാജു ഇലഞ്ഞിമറ്റം, അരുൺ കല്ലായ്ക്കൽ,കെ. ജെ.ജോസഫ്, എം.എം ബഷീർ, എം.പി ജോസഫ്, റെജി ജോൺ, തോമസ് മല്ലിപ്പുറം, ഡോമി ചിറപ്പുറം, നെവിൻ ജോർജ്, തമ്പി ഇലവും പറമ്പിൽ, തോമസ് തേക്കുംമൂട്ടിൽ, അന്നമ്മ ഡോമി, വി.ജെ. ജോസഫ്, എന്നിവർ സംസാരിച്ചു.

മന്ത്രി അനൂപ് ജേക്കബിന് പിറവത്ത് യു.ഡി.ഫ് നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പൗരസ്വീകരണം നൽകിയപ്പോൾ.

തൃശൂരിൽ കഴിഞ്ഞ നടന്ന കേരള സംസ്ഥാന പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ 70 കിലോ വിഭാഗത്തിൽ ചാമ്പ്യൻ പട്ടം നേടിയ വിസാറ്റ് കോളെജ് ബോയ്സ് ഹോസ്റ്റൽ വാർഡൻ പോൾ ദാസ് കിഴക്കേപ്പള്ളിയെ വിസാറ്റ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിൽ അനുമോദിക്കുന്നു.

കൈക്കരുത്തിന്റെ ചാംപ്യൻ പോൾ ദാസ് കിഴക്കേപ്പള്ളിയെ ആദരിച്ചു

ഇലഞ്ഞി:തൃശൂരിൽ കഴിഞ്ഞ നടന്ന കേരള സംസ്ഥാന പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ 70 കിലോ വിഭാഗത്തിൽ ചാമ്പ്യൻ പട്ടം നേടിയ വിസാറ്റ് കോളെജ് ബോയ്സ് ഹോസ്റ്റൽ വാർഡൻ പോൾ ദാസ് കിഴക്കേപ്പള്ളിയെ വിസാറ്റ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിൽ അനുമോദിച്ചു. ഇലഞ്ഞി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി ഷിബു ചടങ്ങ് ഉദ്ഘാടനം ചെയ്ത് അദ്ദേഹത്തെ പൊന്നാട അണിയിച്ചു ആദരിച്ചു.

വിസാറ്റ് ഗ്രൂപ്പ്ഡയറക്ടർ ഡോ .സന്തോഷ് സൈമൺ , പി.ആർ.ഒ, ഷാജി അഗസ്റ്റിൻ ആറ്റുപുറം ഓപ്പറേഷൻസ് മാനേജർ ഫാ . മോഹൻ ജോസഫ് , വിസാറ്റ് ആർട്സ് കോളെജ് പ്രിൻസിപ്പൽ ഡോ .ലാലി ആന്റണി അധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.62-ാം വയസ്സിലും മികച്ച ശാരീരിക ക്ഷമതയും ആത്മവിശ്വാസവും പുലർത്തി സംസ്ഥാന ചാമ്പ്യൻ പട്ടം നേടിയത് യുവജനങ്ങൾക്കും ആരോഗ്യസംരക്ഷണത്തിൽ താൽപര്യമുള്ളവർക്കും വലിയ പ്രചോദനമാണെന്ന് ചടങ്ങിൽ സംസാരിച്ചവർ അഭിപ്രായപ്പെട്ടു.

2018-ൽ ചൈനയിൽ നടന്ന അന്താരാഷ്ട്ര മത്സരത്തിൽ ലോക റാങ്കിങ്ങിൽ മികച്ച പത്ത് പഞ്ചഗുസ്തി താരങ്ങളിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പോൾ ദാസ് സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും നേടിയ വ്യക്തിയാണ്.

പ്രതികൂല കാലാവസ്ഥ; മറൈൻഡ്രൈവിലെ ഈദ് ഗാഹ് റദ്ദാക്കി

കൊച്ചി: പ്രതികൂല കാലാവസ്ഥ കാരണം എറണാകുളം മറൈൻ ഡ്രൈവിൽ വെച്ച് നടത്താനിരുന്ന ഈദ് ഗാഹ് റദ്ദാക്കിയതായി ഗ്രേറ്റർ കൊച്ചി ഈദ് ഗാഹ് കമ്മിറ്റി ചെയർമാൻ വി എ മുഹമ്മദ് അഷറഫ് അറിയിച്ചു. പുതിയ കാലാവസ്ഥാ പ്രവചനങ്ങളെയും മുന്നറിയിപ്പുകളെയും അടിസ്ഥാനമാക്കിയാണ് കമ്മിറ്റി തീരുമാനം കൈക്കൊണ്ടത്.

തുറസ്സായ സ്ഥലത്ത് നമസ്കാരം നിർവ്വഹിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും, മഴ കാരണം വിശ്വാസികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുമാണ് മറൈൻ ഡ്രൈവിലെ ഈദ് ഗാഹ് ഒഴിവാക്കുന്നത്.അതിനാൽ വിശ്വാസികൾ പെരുന്നാൾ നമസ്കാരം അവരവരുടെ പ്രദേശങ്ങളിലെ പള്ളികളിൽ വെച്ച് നിർവ്വഹിക്കണമെന്ന് ഗ്രേറ്റർ കൊച്ചി ഈദ് ഗാഹ് കമ്മിറ്റി ഭാരവാഹികൾ വാർത്താക്കുറിപ്പിൽ അഭ്യർത്ഥിച്ചു.

ഹോമിയോപ്പതി മെഡിക്കൽ ക്യാംപ് നടത്തി

കോലഞ്ചേരി: ലോകഹോമിയോപ്പതി ദിനത്തോട് അനുബന്ധിച്ച് ഡോ പടിയാർ മെമ്മോറിയൽ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ പെരുമ്പിള്ളി ഗ്രാമീണ വായനശാലയുടെയും സൗഹൃദ റെസിഡൻസ് സോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ പെരുമ്പിള്ളി പട്ടാര്യസമാജം ഓഡിറ്റോറിയത്തിൽ ക്യാംപ് നടത്തി.

BRANCH SHIFTING

വിലയേറിയ ഇടപാടുകാരുടെ സൗകര്യാർത്ഥം, ഞങ്ങളുടെ

NEDUMKANDAM – KIZHAKEKAVALA

ശാഖ 28.08.2026 മുതൽ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുവാൻ തീരുമാനിച്ചിരിക്കുന്നു. പുതിയ മേൽവിലാസം താഴെ നൽകിയിരിക്കുന്നു.

Muthoot Finance Ltd.
Room Nos. 3 and 4, Ward No. 6,
Chakkikunne Building, Nedumkandam P.O,
Nedumkandam, Idukki District,
Kerala State, Pin -685553.
Phone No - 04868 234626, 9188904723.
Email id : mgned148@muthootgroup.com

എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ദയവായി വിളിക്കുക - 0484 4804074

എല്ലാ മാന്യ ഇടപാടുകാരുടേയും അഭ്യുദയകാംക്ഷികളുടേയും തുടർന്നുള്ള സഹകരണവും പിന്തുണയും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

Muthoot Finance
A Muthoot M George Enterprise

pnb Housing Finance Limited Ghar Ki Baat

അനുബന്ധം-IV-എ - ഇ-ലേലം-പബ്ലിക് സെയിൽ നോട്ടീസ്, സ്ഥാവര സ്വത്തുക്കളുടെ

രജിസ്റ്റർ ചെയ്ത ഓഫീസ്: 9-ാം നില, അന്തരിക്ഷ് ഭവൻ, 22, കെ.ജി. മാർഗ്, ന്യൂഡൽഹി-110 001 Ph.: 011-23357171, 23357172, 23705414, വെബ്സൈറ്റ്: www.pnbhousing.com

കൊച്ചി ശാഖ: ഒന്നാം നില, R P ആർക്കേഡ്, ഗോൾഡ് സൂക്ക് മാളിന് സമീപം, റെയിൽവേ മേൽപാലത്തിന് സമീപം, പൊന്നുരുന്നി, വൈറ്റില, കൊച്ചി - 682019

[illegible]

ലോൺ നമ്പർ വായ്പക്കാരന്റെ/ സഹവായ്പക്കാരന്റെ/ ജാമ്യക്കാരന്റെ/ നിയമപരമായ അവകാശികളുടെ പേര് (എ)	ആവശ്യപ്പെട്ട തുക & തിയതി (ബി)	ജപ്തിയുടെ തരം (സി)	ജാമ്യമായി നൽകിയ വസ്തുക്കളുടെ വിശദാംശങ്ങൾ (ഡി)	റിസർവ് തുക (ആർപി) (ഇ)	ഇഎംഡി (ആർപിയുടെ 10%) (എഫ്)	ബിഡ് സമർപ്പിക്കേണ്ട അവസാന തിയതി (ജി)	ബിഡ് വർദ്ധന തുക (എച്ച്)	ഇൻസ്പെക്ഷൻ തിയതി & സമയം (ഐ)	ലേലത്തിന്റെ തിയതി & സമയം (ജെ)	[illegible]
HOU/COC/0517/384323 & NHL/COC/0517/384408, [illegible]	Rs. 9714704.55 & 24/02/2023	ഫിസിക്കൽ പൊസഷൻ	[illegible]	Rs. 9257000	Rs. 925700.00	29/06/2026	Rs. 20,000	12-June-2026,11AM to 5PM	30-June-2026,02Pm to03Pm	(അറിവുള്ളതല്ല)

[illegible] www.bankeauctions.com [illegible] auction@pnbhousing.com [illegible] www.pnbhousing.com.

സ്ഥലം: കൊച്ചി, തിയതി: 27.05.2026

ഒപ്പ്/- അംഗീകൃത ഓഫീസർ, പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്